"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 25.09.2023

# "കൈക്കൂലി വാങ്ങവേ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ വിജിലൻസ് പിടിയിലായി"

**കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റി ഫസ്റ്റ് ഗ്രേഡ് ഓവർസിയറായ ബിജുവിനെ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനായി 25,000/-രൂപ** കൈക്കൂലി വാങ്ങുന്നതിനിടെ **ഇന്ന് (25.09.2023) വിജിലൻസ് പിടികൂടി.**

**കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സ്വദേശിയായ പ്രവാസി പയ്യന്നൂരിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ അനുമതിക്കായി ഇക്കഴിഞ്ഞ ഏപ്രിൽ മാസം പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. തുടർന്ന് പരാതിക്കാരൻ പലപ്രാവശ്യം അനുമതിക്കായി മുൻസിപ്പാലിറ്റിയിൽ അന്വേഷിച്ച് ചെന്നെങ്കിലും ഓവർസിയർ ആയ ബിജു ഓരോ കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറിയിരുന്നു. ഇക്കഴിഞ്ഞ 21 തീയതി പരാതിക്കാരൻ ബിജുവിനെ കണ്ടപ്പോൾ 25,000/- രൂപ കൈക്കൂലി നൽകിയാൽ നിർമ്മാണാനുമതി വേഗത്തിൽ നൽകാമെന്നറിച്ചു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് കണ്ണൂർ ഡി.വൈ.എസ്.പി ശ്രീ. ബാബു പെരിങ്ങോത്തിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് (25.09.2023) ഉച്ചയ്ക്ക് 1.30 മണിയോടെ മുനിസിപ്പാലിറ്റി ഓഫീസിന് പുറത്ത് കാറിൽ വച്ച് ബിജു 25,000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.**

**വിജിലൻസ് സംഘത്തിൽ ഡിവൈഎസ്.പി യെ കൂടാതെ ഇൻസ്പെക്ടർ ശ്രീ.അജിത്ത്, സബ് ഇൻസ്പെക്ടർ ശ്രീ. അശോകൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ പ്രവീൺ, നിജേഷ്, ജയശ്രീ എസ്.സി.പി.ഒ മാരായ സുകേഷ്, സജിൻ, വിജിത്ത് എന്നിവർ അടങ്ങിയിരുന്നു.**

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.